# കേരള സർവകലാശാല

**Re-accredited by NAAC with A++ GRADE**

നം. പി.ആർ. **182/2026** തീയതി : **31/08/2026**

## <u>പത്രക്കുറിപ്പ്</u>

**<u>കേരള സർവകലാശാല</u>**
**<u>ബിരുദ (FYUGP) പ്രവേശനം - 2026</u>**
**<u>സ്പോട്ട് അലോട്ട്മെന്റ്</u>**

**<u>ആലപ്പുഴ മേഖലയിലെ കോളേജുകളിലേക്ക് സെപ്റ്റംബർ 7 നും കൊല്ലം മേഖലയിലെ കോളേജുകളിലേക്ക് സെപ്റ്റംബർ 08, 09 തീയതികളിലും പത്തനംതിട്ട മേഖലയിലെ കോളേജുകളിലേക്ക് സെപ്റ്റംബർ 10 നും തിരുവനന്തപുരം മേഖലയിലെ കോളേജുകളിലേക്ക് സെപ്റ്റംബർ 11, 14 തീയതികളിലും.</u>**

കേരള സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗവൺമെന്റ്/എയ്ഡഡ്/സ്വാശ്രയ/യു.ഐ.റ്റി./ഐ.എച്ച്.ആർ.ഡി. കോളേജുകളിലെ ഒന്നാം വർഷ ബിരുദ കോഴ്സുകളിൽ ഒഴിവുള്ള സീറ്റുകളിലേക്ക് മേഖലാ തലത്തിൽ സ്പോട്ട് അലോട്ട്മെന്റ് നടത്തുന്നു.

മുൻ അലോട്ട്മെന്റുകളിൽ ആദ്യ ഓപ്ഷനായി (First Option) നൽകിയ കോളേജിൽ അലോട്ട്മെന്റ് ലഭിച്ച് പ്രസ്തുത കോളേജിൽ അഡ്മിഷനിൽ തുടരുന്ന വിദ്യാർത്ഥികളെ (എസ്.സി/എസ്.ടി/പി.ഡബ്ല്യൂ.ഡി വിഭാഗക്കാർ ഒഴികെ) സ്പോട്ട് അലോട്ട്മെന്റിലേക്ക് പരിഗണിക്കുന്നതല്ല.

| മേഖല | തീയതി | പ്രോഗ്രാമുകൾ | സ്ഥലം |
|---|---|---|---|
| ആലപ്പുഴ | സെപ്റ്റംബർ **7** | എല്ലാ പ്രോഗ്രാമുകളും | യു.ഐ.ടി ആലപ്പുഴ |
| കൊല്ലം | സെപ്റ്റംബർ **8** | B.Sc, B.Com, BCA, BBA, BSW, B.Voc, BMS (Hotel Management) | എസ്. എൻ കോളേജ്, കൊല്ലം. |
| | സെപ്റ്റംബർ **9** | BA (All Subjects) | |
| പത്തനംതിട്ട | സെപ്റ്റംബർ **10** | എല്ലാ പ്രോഗ്രാമുകളും | സെന്റ് സിറിൽസ് കോളേജ്, അടൂർ |
| തിരുവനന്തപുരം | സെപ്റ്റംബർ **11** | **B.Sc (All Subjects) B.Com, BCA, BBA, BSW, B.Voc, BMS (Hotel Management)** | കേരള സർവകലാശാല സെനറ്റ് ഹാൾ, പാളയം, തിരുവനന്തപുരം. |
| | സെപ്റ്റംബർ **14** | **BA (All Subjects)** | |

രജിസ്ട്രേഷൻ സമയം **8.30** മണി മുതൽ **10** മണി വരെ. വിദ്യാർത്ഥികൾ അപേക്ഷയുടെ പ്രിന്റൗട്ടുമായി മുകളിൽ പറഞ്ഞിരിക്കുന്ന സെന്ററുകളിൽ രാവിലെ **10** മണിക്ക് മുൻപായി റിപ്പോർട്ട് ചെയ്യേണ്ടതാണ്. ടി സമയം കഴിഞ്ഞു വരുന്നവരെ യഥാസമയം ഹാജരായ വിദ്യാർത്ഥികളെ പരിഗണിച്ച ശേഷം മാത്രമേ പരിഗണിക്കുകയുള്ളൂ.

അലോട്ട്മെന്റ് സെന്ററുകളിൽ വിദ്യാർത്ഥികൾക്ക് മാത്രമേ പ്രവേശനം അനുവദിക്കുകയുള്ളു. ഏതെങ്കിലും കാരണത്താൽ നേരിട്ട് ഹാജരാകാൻ സാധിക്കാത്ത വിദ്യാർത്ഥികൾക്ക് സാക്ഷ്യ പത്രം **(Authorization Letter)** നൽകി രക്ഷകർത്താവിനെ/ പ്രതിനിധിയെ അയക്കാവുന്നതാണ്.

സ്പോട്ട് അലോട്ട്മെന്റിൽ പങ്കെടുക്കാൻ വരുന്ന വിദ്യാർത്ഥികളുടെ കൈവശം യോഗ്യത (പ്ലസ് ടു മാർക്ക് ലിസ്റ്റ്), സ്പെഷ്യൽ വെയ്റ്റേജ് **(NSS, NCC, SPC, EX-SERVICE etc.)**, ജാതി **(Non-creamy Layer Certificate for SEBC Candidates, Community Certificate for SC/ST Candidates, EWS Certificate for EWS Candidates)** എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ ഉണ്ടായിരിക്കണം.

മൈനോറിറ്റി സ്റ്റാറ്റസുള്ള കോളേജുകളിൽ (പ്രോസ്പക്ടസ് പേജ് നം. **73** കാണുക) ഒഴിവുള്ള എസ്.സി/എസ്.ടി സീറ്റുകൾ ടി സ്പോട്ടിൽ നികത്തുന്നതാണ്. പ്രസ്തുത വിഭാഗങ്ങളിലെ കുട്ടികളുടെ അഭാവത്തിൽ ആ സീറ്റുകൾ അതാത് കോളേജുകളിലെ കമ്മ്യൂണിറ്റി ക്വാട്ടയിൽ നികത്തപ്പെടുന്നതാണ്.

സ്പോട്ട് അലോട്ട്മെന്റിൽ കോളേജും കോഴ്സും അലോട്ട് ചെയ്തു കഴിഞ്ഞാൽ യാതൊരു കാരണവശാലും മാറ്റം അനുവദിക്കുകയില്ല. ഇതുവരെ അഡ്മിഷൻ ഫീ അടയ്ക്കാത്ത വിദ്യാർത്ഥികൾക്ക് സ്പോട്ട് അലോട്ട്മെന്റിൽ അഡ്മിഷൻ ലഭിക്കുകയാണെങ്കിൽ യൂണിവേഴ്സിറ്റി അഡ്മിഷൻ ഫീസിനത്തിൽ (എസ്.ടി/എസ്.സി വിഭാഗങ്ങൾക്ക് **1390/-** രൂപ, ജനറൽ മറ്റ് സംവരണ വിഭാഗങ്ങൾക്ക് **2800/-** രൂപ) അടയ്ക്കേതാണ്. ടി തുക ക്യാഷായി കൈയിൽ കരുതേണ്ടതാണ്, ഇതിനായി പ്രത്യേക സമയം അനുവദിക്കുന്നതല്ല. മുൻപ് യൂണിവേഴ്സിറ്റി അഡ്മിഷൻ ഫീസ് അടച്ചവർ പ്രസ്തുത പേയ്മെന്റ് രസീതിന്റെ കോപ്പി കൈയിൽ കരുതേണ്ടതാണ്.

വിവിധ മേഖലകളിൽ ഉൾപ്പെടുത്തിയിരിക്കുന്ന കോളേജുകളുടെ വിവരം, ഒഴിവുള്ള സീറ്റുകളുടെ വിവരം എന്നിവ സർവകലാശാല വെബ്സൈറ്റിൽ **(https://admissions.keralauniversity.ac.in/fyugp2026)** പ്രസിദ്ധീകരിക്കുന്നതാണ്.

**NOTE:** കൊല്ലം, പത്തനംതിട്ട, ആലപ്പുഴ മേഖലകളിൽ ജനറൽ സ്പോട്ടിന് ശേഷം ഒഴിവു വരുന്ന സീറ്റുകൾ തിരുവനന്തപുരം സെന്ററിൽ നികത്തുന്നതായിരിക്കും.

## പരീക്ഷാഫലം

കേരള സർവകലാശാല 2025 സെപ്റ്റംബറിൽ നടത്തിയ നാലാം സെമസ്റ്റർ എംഎസ്സി ഫിസിക്സ് (മേഴ്സി ചാൻസ്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

സൂക്ഷ്മപരിശോധനയ്ക്ക് 2026 സെപ്റ്റംബർ 04 വരെ exams.keralauniversity.ac.in മുഖേന ഓൺലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## ടൈംടേബിൾ

കേരള സർവകലാശാല 2026 സെപ്റ്റംബർ 15 ന് ആരംഭിക്കുന്ന മൂന്നാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് പഞ്ചവത്സര ബിഎ/ബികോം/ബിബിഎ എൽഎൽബി (മേഴ്സി ചാൻസ് – 2013 & 2015 അഡ്മിഷൻ - 2013 സ്കീം) പരീക്ഷകളുടെ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## വിജ്ഞാപനം പ്രസിദ്ധീകരിച്ചു

കേരള കാർഷിക സർവകലാശാല ജനറൽ കൗൺസിലിലേക്കുള്ള സെനറ്റ് പ്രതിനിധിയുടെ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട വിജ്ഞാപനം സർവകലാശാല വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു.

**വന്ദന മോഹൻദാസ്**
പബ്ലിക് റിലേഷൻസ് ഓഫീസർ
**E-mail:** ku.release@keralauniversity.ac.in

**E-mail:** For queries helpdesk@keralauniversity.ac.in/
**website:** www.keralauniversity.ac.in
***University information is available on*** **9188526670, 9188526671, 9188526674, 9188526675**
**Whats App No. 8547330240**